*"ഭരണഭാഷ-മാതൃഭാഷ"*

# തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
# ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം
# നഗരാസൂത്രകന്റെ നടപടിക്രമം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - കോട്ടയം നഗരസഭ - നാട്ടകം മേഖല - റസിഡൻഷ്യൽ കെട്ടിടനിർമ്മാണം - കൺകറൻസ് നല്കി ഉത്തരവാകുന്നു.

പരാമർശം : 1. ശ്രീ. ഷിബു സൈമൺ -ന്റെ 02.02.2022-ലെ അപേക്ഷ.

2. ഈ കാര്യാലയത്തിലെ 05.03.2021 ലെ TCPKTM/140/2021-C നമ്പർ ഉത്തരവ്.

3. കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 10.12.2021 ലെ NBA-160/20-21 നമ്പർ കത്ത്

---

**ഉത്തരവ് നമ്പർ : TCPKTM/91/2022-C** **തീയതി : 09/02/2022**

---

കോട്ടയം നഗരസഭയിൽ ഉൾപ്പെടുന്ന, നാട്ടകം വില്ലേജിൽ ബ്ലോക്ക് നമ്പർ 19 ൽ റീ സർവേ നമ്പർ 730/14-3 (Old Survey No 353/12 A,B) ൽ ഉൾപെട്ട 3.54 ആർ സ്ഥലത്ത് നിർമ്മിച്ച 208.30 ചതുരശ്ര മീറ്റർ ആകെ വിസ്തീർണ്ണമുള്ള ഇരുനില വാസഗൃഹത്തിന് കോട്ടയം മാസ്റ്റർ പ്ലാനിലെ മേഖലാ നിയന്ത്രണ ചട്ടം പ്രകാരം കൺകറൻസിനാണ് പരാമർശം-1 പ്രകാരം അപേക്ഷിച്ചിരിക്കുന്നത്. പ്രസ്തുത നിർമ്മാണത്തിന് നിബന്ധനകൾക്ക് വിധേയമായി ഇ ഓഫീസിൽ നിന്നുള്ള പരാമർശം-2 ഉത്തരവ് പ്രകാരം കൺകറൻസ് നൽകിയിരുന്നു. എന്നാൽ അനുവദിച്ച വിസ്തീർണ്ണത്തിൽ നിന്നും 24 ചതുരശ്ര മീറ്റർ അധീകരിച്ച നിർമ്മാണം നടത്തിയ സാഹചര്യത്തിലാണ് കൺകറൻസിനായി വീണ്ടും അപേക്ഷിച്ചിരിക്കുന്നത് പരാമർശം -3 കത്തിലൂടെ കോട്ടയം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കോട്ടയം മാസ്റ്റർപ്ലാനിലെ വാണിജ്യ മേഖലയിൽ ഉൾപ്പെടുന്ന പ്ലോട്ടിലെ നിർമ്മാണത്തിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാസ്റ്റർ പ്ളാനിന്റെ മേഖല നിയന്ത്രണ ചട്ടം പ്രകാരം കൺകറൻസ് നൽകി ഉത്തരവാകുന്നു.

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) ലെ ചട്ടം.5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട ക്രമവൽക്കരിക്കുവാൻ/ ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.
2. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമാണാവകാശം, ഉടമസ്ഥാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച സെക്രട്ടറി

ബോദ്ധ്യപ്പെട്ടിരിക്കണം.

3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട ഭാഗങ്ങൾ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 (KPBR-2019) ചാപ്റ്റർ-XX ലെ നടപടിക്രമങ്ങൾ പാലിച്ച് ക്രമവൽക്കരിക്കേണ്ടതാണ്.
5. നിർമ്മാണം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

KMBR-2019 പ്രകാരം കോട്ടയം നഗരസഭാ സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണം ക്രമവൽക്കരണത്തിന് പരിഗണിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.

**കൺകറൻസ് നമ്പർ. 04/2022/KTYM**

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി,**
കോട്ടയം നഗരസഭ (ഉള്ളടക്കം സഹിതം)

പകർപ്പ് :

1. **ശ്രീ. ഷിബു സൈമൺ, കൊച്ചുതാഴത്ത്, ചിങ്ങവനം പി. ഒ, കോട്ടയം**
2. കരുതൽ ഫയൽ 3. അധികം -1

DESPATCHED
Date 10/2/22